# പോലീസ് വകുപ്പ്

# കേരളം

**PROCEEDINGS OF THE COMMANDANT**

**കേരള ആംഡ് പോലീസ് ബറ്റാലിയൻ-V, ഇടുക്കി**

**സാന്നിദ്ധ്യം : ബോബി കര്യൻ**

വിഷയം : കെ.എ.പി അഞ്ചാം ബറ്റാലിയൻ - നിയമനക്കാര്യം - പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നു.

സൂചന : 1. 20.05.2023 തീയതിയിലെ IDE(1)15/2021-KPSC -DO - IDK നമ്പർ പ്രകാരമുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ നിയമന ശുപാർശ കത്ത്.
2. 09.05.2023 തീയതിയിലെ IDE (1)1821/2018 നമ്പർ പ്രകാരമുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ നിയമന ശുപാർശ കത്ത്.
3. 26.06.2023 തീയതിയിലെ A5-11559/2023/APB നമ്പർ എഡിജിപി, ആംഡ് പോലീസ് ബറ്റാലിയൻ ആസ്ഥാനത്തെ കത്ത്.
4. 03.08.2023 തീയതിയിലെ L2-109559/2023/PHQ നമ്പർ സന്ദേശം.
5. 05.08.2023 തീയതിയിലെ A5-15569/2022/APB നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : A2-11365/2023/KAP-V തീയതി. 07-08-2023**

കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നടത്തുന്നതിലേക്ക് സൂചന (1) (2) പ്രകാരം ലഭിച്ച നാമനിർദേശ പട്ടികയിൽ താങ്കളുടെ പേര് നിർദേശിക്കപ്പെട്ടിട്ടുള്ളതാണ്. നിയമന നടപടികളുടെ ഭാഗമായി നടത്തിയ വൈദ്യ പരിശോധനയിലും, പോലീസ് അന്വേഷണത്തിലും, സർട്ടിഫിക്കറ്റ് പരിശോധനയിലും താങ്കൾ നിയമനത്തിന് യോഗ്യനാണെന്ന് കണ്ടെത്തിയതിനാൽ കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയനിലേക്ക് റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ ആയി നിയമിച്ച് ഉത്തരവാകുന്നു.

**17.08.2022 തീയതി കേരള ആംഡ്** പോലീസ് 5 ബറ്റാലിയൻ **മണിയാർ ഡിറ്റ: ക്യാമ്പിൽ വെച്ച് ആരംഭിക്കുന്ന റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ** മാരുടെ 9 മാസത്തെ അടിസ്ഥാന **പരിശീലനത്തിൽ പങ്കെടുക്കുന്നതിന് വേണ്ടി 16.08.2023 തീയതി രാവിലെ 09.30** മണിക്ക് കേരള ആംഡ് പോലീസ് **അഞ്ചാം ബറ്റാലിയൻ** ഡിറ്റ: ക്യാമ്പ് മണിയാർ, **പത്തനംതിട്ടയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും** ബോണ്ടും സഹിതം ഹാജരാക്കേണ്ടതാണ്. **പരിശോധനയിൽ താങ്കൾ സമർപ്പിക്കുന്ന ബന്ധപ്പെട്ട രേഖകളിൽ** അപാകതകൾ ഒന്നും ഇല്ലെന്നു ബോധ്യമായാൽ **താങ്കളെ കേരള ആംഡ് പോലീസ് 5 ബറ്റാലിയൻ മണിയാർ** ഡിറ്റ: ക്യാമ്പിൽ 17.08.2022 തീയതി **ആരംഭിക്കുന്ന അടിസ്ഥാന പരിശീലനത്തിൽ താങ്കളെ ഉൾപ്പെടുത്തുന്നതായിരിക്കും.**

താങ്കളുടെ നിയമനം തികച്ചും താൽക്കാലികവും, കേരള പബ്ലിക് സർവീസ് കമ്മീഷൻറെ വെരിഫിക്കേഷന് വിധേയവുമായിരിക്കും. അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കിയശേഷം 14/12/2010 തീയതിയിലെ ജി.ഒ (പി ) നം .41 (1) 2010 പി & എ.ആർ.ഡി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ താങ്കളുടെ നിയമനം റെഗുലറൈസ് ചെയ്യുകയുള്ളൂ. മേൽ പറഞ്ഞ ദിവസം താങ്കൾ പരിശീലനത്തിനായി ഹാജരാകാത്ത പക്ഷം താങ്കളുടെ പേര് കെ പി എസ് സി ശുപാർശ ചെയ്ത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പരിശീലനത്തിന്/സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ / ഹാജരാക്കേണ്ട രേഖകൾ**

1) വിദ്യാഭ്യാസയോഗ്യത, വയസ്, അഡ്രസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും, നിയമന ഉത്തരവിൻറെ അസ്സൽ പകർപ്പും ഹാജരാക്കേണ്ടതാണ്.

2) താലൂക്ക് / വില്ലേജ് ഓഫീസിൽ നിന്നും നേടിയ ജാതി, മതം എന്നിവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ EWS സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഹാജരാക്കേണ്ടതാണ്.

3) ഉദ്യോഗാർത്ഥിയുടെ ബ്ലഡ് ഗ്രൂപ്പ് നിർണയിച്ച് ലബോറട്ടറിയിൽ നിന്നും നല്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4) ഉദ്യോഗാർത്ഥിയുടെ പേരിൽ വാങ്ങിയ 200 (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിലുള്ള ബോണ്ട്, ഈ ഓഫീസിൽ നിന്നും നേരിട്ട് നൽകിയ മാതൃകയിൽ താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായി തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

എ) രണ്ട് ജാമ്യക്കാർ സർക്കാർ ജീവനക്കാർ ആയിരിക്കുകയും, ടിയാൻമാർ ബോണ്ടിൽ ഒപ്പ് വെയ്ക്കുന്ന തീയതി മുതൽ കുറഞ്ഞത് 6 വർഷമെങ്കിലും സർവീസ് ഉള്ളവർ ആയിരിക്കുകയും വേണം.

ബി) ബോണ്ടിലെ എല്ലാ പേജുകളിലും ഏറ്റവും താഴെ ഉദ്യോഗാർത്ഥിയും, ജാമ്യക്കാരും പേരെഴുതി ഒപ്പിടേണ്ടതാണ്. ബോണ്ട് തയ്യാറാക്കുമ്പോൾ ഒരു വശത്ത് മാത്രമേ ടൈപ്പ് ചെയ്യുവാൻ പാടുള്ളൂ.

സി) ബോണ്ട് തുകയിൽ ഇളവിന് അർഹരായ ഉദ്യോഗാർത്ഥികൾ ആയത് അനുവദിച്ച് കിട്ടുന്നതിന് വേണ്ടി ടിയാൻ ഉൾപ്പെടുന്ന റേഷൻ കാർഡിൻറെ ഒറിജിനലും ബന്ധപ്പെട്ട പേജിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ബോണ്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

5) പരിശീലനകാലത്ത് ഭക്ഷണം പോലീസ് മെസ്സിൽ നിന്നും ലഭിക്കുന്നതിനായി മെസ്സ് അഡ്വാൻസിനും, ക്യാൻറീൻ ഡെപ്പോസിറ്റിനും യൂണിഫോം സാമഗ്രികൾ വാങ്ങുന്നതിനും ഉൾപ്പെടെ വേണ്ട തുക (കുറഞ്ഞത് Rs . 20,000 /-)

കരുതേണ്ടതാണ് .

6) പാസ്പോർട്ട് സൈസ്സ് ഫോട്ടോ (2.5 CM width x 3.5 CM height, minimum resolution of 150dpi or above, 150 x 210 pixel, below 12 kb, .jpg format), കറുത്ത മഷിയിൽ താങ്കളുടെ ഒപ്പ് (3.5 CM x 1.5 CM, minimum resolution of 150dpi or above, below 12 kb, .jpg format), ബാങ്ക് അക്കൗണ്ട് നമ്പർ - IFSC (word ഡോക്യുമെൻറ്, ബാങ്ക് പാസ് ബുക്ക് കോപ്പി, പാൻ കാർഡ്, ആധാർ കാർഡ് കോപ്പി എന്നിവ CD/DVD യിൽ ആക്കി കൊണ്ടുവരേണ്ടതാണ്.

7) ഉദ്യോഗാർത്ഥിയുടെ എസ് എസ് എൽസി ബുക്ക്, പ്ലസ് ടു സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റ് ചെയ്ത 2 കോപ്പിയും, 4 പാസ്സ് പോർട്ട് സൈസ് ഫോട്ടോയും കൈയ്യിൽ കരുത്തേണ്ടതാണ്.

8) സ്വർണ്ണാഭരണങ്ങൾ അണിയുന്നത് നിരോധിച്ചിരിക്കുന്നതിനാൽ ആയവ ക്യാമ്പിലേക്ക് കൊണ്ടുവരുവാൻ പാടില്ല.

9) കോവിഡ് 19 വാക്സിനേഷൻ സർട്ടിഫിക്കറ്റും 72 മണിക്കൂറിനുള്ളിൽ എടുത്ത കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റും (RTPCR) ഹാജരാക്കേണ്ടതാണ്.

10) പൂരിപ്പിച്ച SPARK ഫോം, Personal Memorandum (ഫോട്ടോ പതിപ്പിച്ച്) എന്നിവ ഹാജരാക്കേണ്ടതാണ്.

11) സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ/അർധ സർക്കാർ/പൊതു മേഖല സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി വരുന്നവർ വിടുതൽ ഉത്തരവ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

12) വെള്ള ഫുൾസ്ലീവ് ഷർട്ട് -2 എണ്ണം, കറുത്ത പാൻറ്സ് -2 എണ്ണം, കൂടാതെ സ്വന്തം ഉപയോഗത്തിനുള്ള സാധാരണ വസ്തുങ്ങൾ എന്നിവ പരിശീലനത്തിന് വരുമ്പോൾ കൊണ്ട് വരേണ്ടതാണ്.

13) പരിശീലന കാലയളവിൽ മേലധികാരിയുടെ രേഖാമൂലമുള്ള അനുമതി കൂടാതെ പരിശീലന ക്യാമ്പ് വിട്ടു പോകുവാൻ പാടുള്ളതല്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്. പിന്നീടുള്ള ഏതെങ്കിലും അന്വേഷണത്തിൽ സ്വഭാവവും, പൂർവ്വകാല ചരിത്രവും സംബന്ധിച്ച സർക്കാരിന് തൃപ്തി വരാത്ത പക്ഷം കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 10 ബി (III) പ്രകാരം താങ്കളുടെ നിയമനം നോട്ടീസ് കൂടാതെ റദ്ദാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

പരിശീലന കാലയളവിൽ പ്രതിമാസം 31,100/- രൂപ സ്റ്റൈപൻറായി ലഭിക്കുന്നതാണ്. പരിശീലന കാലയളവിൽ യാതൊരുവിധത്തിലുള്ള അവധിക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

താങ്കൾക്ക് ഈ ഉത്തരവ് അനുസരിച് ഈ തസ്തികയിൽ ചേരുവാൻ താല്പര്യം ഇല്ലെങ്കിൽ ആ വിവരം രേഖാമൂലം ഈ ഓഫിസിൽ അറിയിക്കേണ്ടതാണ്. നിയമനത്തിനായി എത്തുമ്പോൾ ഈ ഉത്തരവ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. (നിയമന ഉത്തരവിൻറെ ആവശ്യമായ പകർപ്പുകൾ കൈവശം കരുതെണ്ടതാണ്.

07-08-2023
ബോബി കുര്യൻ,
കമാണ്ടൻറ്

സ്വീകർത്താവ് : .

| | |
|---|---|
| RAHUL R,<br>S/O RADHA KRISHNAN R,<br>PUTHEN VILA VEEDU, KOTTANKARA,<br>CHANDANATHOPE P O,<br>KOLLAM- 691014 | 14/17 |

OFFICE OF THE COMMANDANT
KAP 5Bn.
Date:..................
KUTTIKKANAM

A2-11365/2023/KAP-V

64141f